# ദി ഡിഫെൻഡർ

Vol. No. 8 Issue No. 14 RNI Reg. No. 68089 / 97 Published From Perumbavoor 2005 JULY 16

# ശതാബ്ദി ആഘോഷം സാത്താന്യ തന്ത്രം

പെന്തക്കോസ്ത് ശതാബ്ദി ആഘോഷം എന്ന പേരിൽ ഡിസംബർ 6 മുതൽ 11 വരെ തിരുവല്ലയിൽ നടക്കുന്ന ആഘോഷം ദൈവസഭയെ തകർക്കാനായി സാത്താൻ ഒരുക്കിയ തന്ത്രമാണ്. ഇതിനു പ്രേരണ നൽകിയത് ദുരാത്മാവാണ്.

പത്രോസെന്ന പാറമേൽ അടിസ്ഥാനമിട്ട് പണിയപ്പെട്ട കത്തോലിക്കാസഭയാണ് യഥാർത്ഥ ദൈവസഭയെന്നും മറ്റു സഭകളെല്ലാം ഈ മാതൃസഭയിൽ നിന്നും വേർപെട്ട് പൊട്ടിമുളച്ചതാണെന്നും കത്തോലിക്കർ പഠിപ്പിക്കുന്നു. ശ്ലൈഹിക പാരമ്പര്യമുള്ള യഥാർത്ഥ സഭ തങ്ങളുടേതാണെന്ന് യാക്കോബായ-ഓർത്തഡോക്സ് വിഭാഗങ്ങളും വാദിക്കുന്നു. ഇവരെല്ലാം രണ്ടായിരം വർഷത്തെ പാരമ്പര്യവും അവകാശപ്പെടുന്നു. പെന്തക്കോസ്ത് സഭ ഈയിടെമാത്രം ഉണ്ടായതാണെന്നും അതുകൊണ്ടുതന്നെ ഇത് ദൈവസഭയല്ലെന്നും പട്ടത്വ സഭകൾ പഠിപ്പിക്കുന്നു.

എന്നാൽ ഒന്നാം നൂറ്റാണ്ടിലെ സഭയുടെ പിൻതുടർച്ചയാണ് തങ്ങളുടേതെന്ന് ദൈവവചനത്തിന്റെ അടിസ്ഥാനത്തിൽ തെളിയിച്ചുകൊണ്ടാണ് പെന്തക്കോസ്ത് സഭകൾ പിടിച്ചുനിന്നത്. പക്ഷേ, പെന്തക്കോസ്തിന്റെ നൂറു വർഷം ആഘോഷിക്കുന്നവർ നടത്തുന്ന പ്രചരണം പട്ടത്വ സഭകളുടെ നിലപാട് ശരിവെയ്ക്കുകയാണ്. യഥാർത്ഥ ദൈവസഭയ്ക്ക് രണ്ടായിരത്തോളം വർഷത്തെ പഴക്കം ഉണ്ടെന്നുള്ളത് വസ്തുതയായിരിക്കെ കേവലം നൂറു വർഷം മാത്രം പഴക്കമുള്ളത് ദൈവസഭയല്ലെന്ന് തെളിയിക്കാൻ പട്ടത്വ സഭകൾക്ക് ഒരു ബുദ്ധിമുട്ടും ഉണ്ടാകയില്ല.

കത്തോലിക്കരേയും യാക്കോബക്കാരേയും മാർത്തോമ്മാക്കാരേയും പോലെ ഒരു സമുദായമാണ് പെന്തക്കോസ്ത് എന്നും ആ സമുദായത്തിന്റെ ആഘോഷമാണിത് എന്നും സംഘാടകരിൽ ഒരാളായ അച്ചൻകുഞ്ഞ് ഇലന്തൂർ ഡിഫെൻഡറിനെ അറിയിക്കയുണ്ടായി. ദൈവസഭയ്ക്ക് ഒരു വിധത്തിലുള്ള ആഘോഷവുമില്ലെന്ന വസ്തുത പരിഗണിക്കുമ്പോൾ ഈ നടക്കുന്നത് സമുദായത്തിന്റെ ആഘോഷമാണെന്ന് വ്യക്തമാണ്.

പെന്തക്കോസ്ത് എന്നത് സഭയായിട്ടത്രേ പൊതുജനം കണക്കാക്കുന്നത്. ആ സഭയ്ക്ക് നൂറു വർഷം മാത്രമേ പഴക്കമുള്ളൂ എന്ന് പെന്തക്കോസ്തുകാർ തന്നെ പറയുന്നു. യേശുക്രിസ്തു രണ്ടായിരത്തോളം വർഷം മുൻപ് സ്ഥാപിച്ച സഭയുമായി പെന്തക്കോസ്ത് സഭയ്ക്ക് ബന്ധമില്ല എന്നതിന് ഇതിൽ കൂടുതൽ തെളിവു വേണ്ടല്ലോ എന്ന് ഏതു സമുദായക്കാരനും പറയാം.

ശതാബ്ദി ആഘോഷത്തിന് മാദ്ധ്യമങ്ങളിലൂടെ വലിയ പ്രചരണം നടത്താനാണ് പദ്ധതി. അങ്ങനെ, പെന്തക്കോസ്ത് സഭകൾ നൂറു വർഷം മുൻപു മാത്രം പൊട്ടിമുളച്ചതാണെന്ന് മാലോകരെല്ലാം അറിയും. സത്യ സുവിശേഷം പ്രചരിക്കുന്നത് തടയാൻ സാത്താൻ ഒരുക്കിയ പദ്ധതിയാണ് ഈ ആഘോഷമെന്നതിന് വേറെ തെളിവെന്തിന്?

ഒന്നാം നൂറ്റാണ്ടിൽ നിന്നുപോയ പെന്തക്കോസ്ത് അനുഭവം 20-ാം നൂറ്റാണ്ടിലാണ് വീണ്ടും ഉണ്ടായതെന്ന വാദവും ശരിയല്ല. സംശയമുള്ളവർ 6-ാം പേജിലുള്ള ലേഖനം വായിക്കുക. ഈ വിഷയത്തെ സംബന്ധിച്ച് കൂടുതൽ ലേഖനങ്ങൾ വരും ലക്കങ്ങളിൽ പ്രതീക്ഷിക്കുക.

## സിമണിയുടെ ബാക്കിപത്രം

ഐ.പി.സിയിലെ സിമണിക്കഥയേക്കുറിച്ച് കഴിഞ്ഞ ലക്കത്തിൽ എഴുതിയിരുന്നല്ലോ. അതിന് ഒരു ബാക്കിപത്രം എഴുതേണ്ടതായി വന്നിരിക്കുന്നു.

ഐ.പി.സിയുടെ സൗദി റീജിയന്റെ പ്രസിഡന്റായിരുന്ന മോനി ചെന്നിത്തല ഐ.പി.സി. കൗൺസിലിന് കൊടുത്ത അപേക്ഷയുമായി ബന്ധപ്പെട്ടാണ് ഡിഫെൻഡർ സിമണിക്കഥ എഴുതിയത്. മോനി ചെന്നിത്തല ഈ വിധത്തിൽ ഒരു കത്ത് ഐ.പി.സി. ഭാരവാഹികൾക്ക് അയച്ചതായി രണ്ടു മാസം മുൻപുതന്നെ ഡിഫെൻഡറിന് വിവരം കിട്ടിയിരുന്നു. ഐ.പി.സിയുടെ ഭാരവാഹികളിൽ ചിലരെ വിളിച്ച് ഡിഫെൻഡർ ഈ വസ്തുത ഉറപ്പു വരുത്തുകയും ചെയ്തു. എന്നാൽ ഈ കത്തിന്റെ ഒരു കോപ്പി മൂന്ന് ആഴ്ച മുൻപു മാത്രമാണ് ഡിഫെൻഡറിന് ലഭിച്ചത്. അതുകൊണ്ടാണ് ഈ വിഷയത്തേപ്പറ്റി എഴുതാൻ താമസിച്ചത്.

ഈ കത്തിൽ പറയുന്ന വിഷയങ്ങളേക്കുറിച്ചും ഡിഫെൻഡർ അന്വേഷണം നടത്തി. വസ്തുതയ്ക്ക് വിരുദ്ധമായി ഒന്നും അതിൽ കണ്ടില്ല. വി.എം.മാത്യു, കെ.സി.ജോൺ എന്നിവർ സൗദിയിൽ പോയതും മോനി ചെന്നിത്തല സൗദി റീജിയന്റെ പ്രസിഡന്റായതും വസ്തുതയാണ്. മാത്രമല്ല, അദ്ദേഹം എലൈറ്റ് ഹോട്ടലിൽ വെച്ച് വിരുന്നു നടത്തിയെന്നതും ശരിതന്നെ. സൗദിയിൽ നിന്നും മടങ്ങി എത്തിയ ശേഷം മോനി ചെന്നിത്തല വയനാട് കേന്ദ്രമാക്കി പ്രവർത്തിക്കുകയുമാണ്. അതുകൊണ്ട് മേല്പറഞ്ഞ കത്തിൽ അസ്വാഭാവികമായി ഒന്നും ഉള്ളതായി തോന്നിയില്ല. മോനി ചെന്നിത്തലയെ ഡിഫെൻഡറിന് പരിചയമില്ല. വിലാസമോ ഫോൺ നമ്പറോ അറിഞ്ഞുകൂടാ. അതുകൊണ്ട് ഫോൺ വിളിച്ചോ കത്തയച്ചോ അന്വേഷണം നടത്താൻ സാധിച്ചില്ല.

ഡിഫെൻഡറിൽ വാർത്ത വന്ന് ഏതാനും ദിവസം കഴിഞ്ഞപ്പോൾ മോനി ചെന്നിത്തല ഡിഫെൻഡർ ഓഫീസിലേക്ക് വിളിച്ചു. വാർത്തയിൽ പറയുന്ന വിധത്തിലുള്ള കത്ത് അദ്ദേഹം അയച്ചതല്ല എന്ന് അദ്ദേഹം പറഞ്ഞു. ആ വിവരം കാണിച്ച് ഡിഫെൻഡറിന് ഒരു കത്ത് അയയ്ക്കുവാൻ ഞങ്ങൾ ആവശ്യപ്പെട്ടു. അതനുസരിച്ച് അദ്ദേഹം അയച്ച കത്ത് ഇതാ:

ദൈവനാമത്തിൽ യേശുക്രിസ്തുവിന്റ നാമത്തിൽ വന്ദനം.

2005 ജൂലൈ മാസത്തിലെ ഡിഫെൻഡറിൽ എന്നെക്കുറിച്ച് പ്രസിദ്ധീകരിച്ചിരുന്ന വാർത്തകൾ ഒട്ടും യാഥാർത്ഥ്യമല്ലയെന്നും, മന:പൂർവ്വമായി എന്നെ ആക്ഷേപിക്കാൻ ആരോ വ്യാജകത്ത് എഴുതിയതാണെന്നുമുള്ള സംഗതി ദൈവനാമത്തിൽ ഞാൻ അറിയിക്കുന്നു.

(പേജ് - 3 ............)

## വീട്ടിലൊരു ബൈബിൾ സ്ക്കൂൾ: രണ്ടാം സി.ഡി. തയ്യാറാകുന്നു

വീട്ടിൽ ഒരു ബൈബിൾ സ്ക്കൂൾ എന്ന പേരിൽ റ്റി.എസ്. ബാലൻ തയ്യാറാക്കിവരുന്ന 10 സി.ഡി.കളിൽ രണ്ടാമത്തേത് തയ്യാറായി വരുന്നു. ആദ്യ സി.ഡി. പണം അടച്ച എല്ലാവർക്കും അയച്ചു കഴിഞ്ഞു.

അടിസ്ഥാന വേദോപദേശങ്ങളാണ് ഒന്നാമത്തെ സി.ഡിയുടെ ഉള്ളടക്കം. വീണ്ടുംജനനം, വിശ്വാസസ്നാനം, പരിശുദ്ധാത്മാഭിഷേകം, കൂട്ടായ്മ, തിരുവത്താഴം, ദൈവവചനം, വേർപാട്, പ്രാർത്ഥന തുടങ്ങിയ വിഷയങ്ങളേക്കുറിച്ച് ഏകദേശം 12 മണിക്കൂർ ദൈർഘ്യമുള്ള ക്ലാസ്സാണ് ഈ സി.ഡിയിൽ ഉള്ളത്. വിശ്വാസികൾക്കും അവിശ്വാസികൾക്കും ഒന്നുപോലെ പ്രയോജനപ്പെടും. രക്ഷിക്കപ്പെടാത്തവർക്ക് സമ്മാനമായി നൽകാനും ഉപകരിക്കും. ഈ സി.ഡി. ആവശ്യമുള്ളവർ 100രൂപ മണിയോഡർ അയയ്ക്കുക. മണിയോഡർ കൂപ്പണിൽ പൂർണ്ണമായ വിലാസവും ഫോൺ നമ്പറും ഉണ്ടായിരിക്കണം. സി.ഡി. കൊറിയർ സർവ്വീസ് വഴിയാണ് അയയ്ക്കുന്നത്. അതുകൊണ്ട് ഏറ്റവും അടുത്തുള്ള കൊറിയർ സർവ്വീസിന്റെ പേരും അറിയിക്കുക.

രണ്ടാമത്തെ സി.ഡി. ആഗസ്റ്റ് ആദ്യ വാരം പുറത്തിറങ്ങും. യഹോവാ സാക്ഷികൾ, ശാബതുകാർ, മൊർമോൺ, ക്രിസ്ത്യൻ സയൻസ്, ക്രിസ്റ്റാഡെൽഫിയൻ, സൈന്റോളജി തുടങ്ങിയ കൾട്ടുകളേക്കുറിച്ചുള്ള പഠനങ്ങളാണ് ഈ സി.ഡിയിൽ ഉള്ളത്.

ഈ പരമ്പരയിലുള്ള 10 സി.ഡികളുടെ ഒരു സെറ്റിന് 1000 രൂപയാണ് വില. എന്നാൽ ഇപ്പോൾ 750 രൂപ അയയ്ക്കുന്നവർക്ക് ഓരോ സി.ഡിയും പ്രസിദ്ധീകരിക്കുന്ന മുറയ്ക്ക് അയച്ചുതരുന്നതാണ്. ഈ സി.ഡികളുടെ ഉള്ളടക്കം എന്തെന്നറിയുവാൻ 8-ാം പേജിലുള്ള പരസ്യം നോക്കുക.

കൂടുതൽ വിവരങ്ങൾക്ക്: ഫോൺ - 94474 14608

വിലാസം: ***റ്റി.എസ്.ബാലൻ,***
***ആനന്ദ് ഭവൻ, കെ.എസ്.ആർ.റ്റി.സിക്ക് സമീപം,***
***പെരുമ്പാവൂർ പി.ഒ., എറണാകുളം. പിൻ. 683 542***

## ഭോഷ്ക്കിന്റെ സ്റ്റാറ്റിസ്റ്റിക്സുമായി മരുപ്പച്ച ദ്വൈവാരിക

പച്ചക്കള്ളം പറയുന്ന കാര്യത്തിൽ പെന്തക്കോസ്തുകാരെ വെല്ലാൻ ഈ ഭൂമിമലയാളത്തിൽ ആരുമില്ല. സംശയമുള്ളവർ മരുപ്പച്ചയുടെ ജൂലൈ 5 ലക്കത്തിലെ പെന്തക്കോസ്ത് മുന്നേറ്റത്തിന് ഒരു നൂറ്റാണ്ട് എന്ന വാർത്ത നോക്കുക.

ഇന്ത്യയിൽ 50 ലക്ഷം പെന്തക്കോസ്ത് വിശ്വാസികളുണ്ടെന്ന് മരുപ്പച്ച പറയുന്നു. ഇരുനൂറ് ഇന്ത്യാക്കാരെ എടുത്താൽ അതിൽ ഒരാൾ പെന്തക്കോസ്തുകാരനായിരിക്കും എന്നല്ലേ ഇതിനർത്ഥം? ഇത് ശരിയാണോ? ഇന്ത്യയിൽ ഏകദേശം മൂന്നുകോടി ക്രിസ്ത്യാനികളുണ്ട്. അവരിൽ, ആറിൽ ഒരാൾ പെന്തക്കോസ്തുകാരനാണെന്ന് പറയണമെങ്കിൽ അസാമാന്യ ചങ്കൂറ്റം വേണം.

കേരളത്തിൽ 10 ലക്ഷം പെന്തക്കോസ്തുകാരുണ്ടെന്നും മരുപ്പച്ച പറയുന്നു. അത് ശരിയാണെങ്കിൽ 30 കേരളീയരിൽ ഒരാൾ പെന്തക്കോസ്തുകാരനായിരിക്കണം. ഏറ്റവും കൂടുതൽ പെന്തക്കോസ്തുകാരുള്ള പത്തനംതിട്ട ജില്ലയിൽ പോലും ജനസംഖ്യയുടെ 30ൽ ഒന്ന് പെന്തക്കോസ്തുകാരാണെന്ന് തോന്നുന്നില്ല. മറ്റു ജില്ലകളുടെ കാര്യം പറയുകയും വേണ്ട. കേരളത്തിലെ ജനസംഖ്യയിൽ പെന്തക്കോസ്തുകാരുടെ എണ്ണം ഒരു ശതമാനം പോലും വരുമെന്ന് തോന്നുന്നില്ല.

കേരളത്തിലെ ഉപദേശിമാരുടെ എണ്ണം 15,000 എന്ന് മരുപ്പച്ച പറയുന്നു. അതിലും അധികം ഉണ്ടാകാനാണ് സാദ്ധ്യത. വേറെ ഒരു തൊഴിലും കിട്ടാത്തവനെല്ലാം ഉപദേശിവേഷം കെട്ടി ഇറങ്ങിയിരിക്കയല്ലേ. സംഖ്യ ഒട്ടും കുറയാൻ ഇടയില്ല.

തിരുവല്ല എന്നത് ക്രിസ്ത്യാനികളുടെ യെരുശലേമാണ് എന്ന് മരുപ്പച്ച കണ്ടുപിടിച്ചിരിക്കുന്നു. സംഗതി അസ്സലായി എന്നല്ലാതെ എന്തു പറയാൻ. ക്രിസ്തുവിനെ ക്രൂശിച്ചത് യെരൂശലേമിലായതുകൊണ്ടാണ് മരുപ്പച്ച ഇങ്ങനെ പറയുന്നതെങ്കിൽ അംഗീകരിച്ചുതരാം. മറ്റെന്തെങ്കിലുമാണ് കാരണമെങ്കിൽ തിരുവല്ലയ്ക്ക് പുറത്തും ലോകമുണ്ട് എന്നേ പറയാനുള്ളൂ.

ശതാബ്ദി സമ്മേളനങ്ങളിൽ 5 ലക്ഷം ആളുകൾ പങ്കെടുക്കുമെന്നും രാത്രിയോഗത്തിൽ പതിനായിരം പേർ പങ്കെടുക്കുമെന്നും മരുപ്പച്ച പറയുന്നു. ആറു ദിവസം നീളുന്നതാണ് സമ്മേളനം. അതുകൊണ്ട് ചോദിക്കട്ടെ, ആകെ മൊത്തം ടോട്ടൽ എത്ര വ്യക്തികൾ പങ്കെടുക്കും? ഒരു വ്യക്തിയെ എത്ര പ്രാവശ്യം എണ്ണും? എങ്ങനെയാണ് 5 ലക്ഷം എന്ന സംഖ്യ തികക്കുക?

നുണ പറയുക എന്നത് പെന്തക്കോസ്തുകാരുടെ ജൻമവാസനയായതുകൊണ്ട് മരുപ്പച്ചയും നുണ പറഞ്ഞുകൊള്ളൂ. പക്ഷേ, ചത്തു കിടക്കുന്നവൻ പോലും എഴുന്നേറ്റിരുന്ന് ചിരിക്കുന്നത്ര വലിയ നുണകൾ ദയവായി ഒഴിവാക്കണം. വലിയ നുണകൾ രണ്ടായി വിഭജിച്ച് പറയണം.

## മെയിലിംഗ് ലിസ്റ്റ് പുതുക്കുന്നു

ഡിഫെൻഡറിന്റെ മെയിലിംഗ് ലിസ്റ്റ് പുതുക്കുകയാണ്. വരിസംഖ്യ നൽകാത്തവർക്കും കുടിശ്ശികയുള്ളവർക്കും അടുത്ത ലക്കം മുതൽ ഡിഫെൻഡർ ലഭിക്കുന്നതല്ല.

ദി ഡിഫെൻഡർ

Vol. No.8 Issue No. 14 2005 July 16

# സ്വാശ്രയ പ്രശ്നത്തിന്റെ കാണാപ്പുറങ്ങൾ

സ്വാശ്രയ കോളേജ് പ്രശ്നം വിട്ടാലും വിടാത്ത കമ്പിളിക്കെട്ടുപോലെ ഉമ്മൻ ചാണ്ടി സർക്കാരിനെ പിടികൂടിയിരിക്കയാണ്. സഹകരണ മെഡിക്കൽ കോളേജുകളിൽ സർക്കാർ ഫീസേ വാങ്ങൂ എന്ന് ഉമ്മൻ ചാണ്ടി ഉറപ്പു കൊടുത്തതുകൊണ്ട് ജൂലൈ 11ന് നടത്താനിരുന്ന വിദ്യാഭ്യാസ ബന്ദ് ഒഴിവായിക്കിട്ടി. പക്ഷേ, പ്രശ്നം തീർന്നു എന്ന് ആരും ധരിക്കേണ്ടതില്ല.

കൗൺസിലിംഗ് ആരംഭിക്കുന്നതിനു മുൻപുതന്നെ ഈ തീരുമാനം എടുത്തിരുന്നെങ്കിൽ ഒട്ടേറെ പ്രശ്നങ്ങൾ ഒഴിവാക്കാൻ കഴിയുമായിരുന്നു എന്നത് ഒരു വസ്തുതാണ്. പക്ഷേ, അതിനുള്ള വിവേകം സർക്കാരിനുണ്ടായില്ല. ഉയർന്ന റാങ്ക് നേടിയിട്ടും ഉയർന്ന ഫീസ് കൊടുക്കാൻ കഴിവില്ലാത്തതുകൊണ്ട് നിരവധി കുട്ടികൾ മറ്റ് കോഴ്സുകളിലേക്ക് പോയിക്കഴിഞ്ഞു. അവരെ തിരിച്ചു വിളിച്ച് കൗൺസിലിംഗ് നടത്തി സീറ്റ് കൊടുത്താൽ ഉയർന്ന ഫീസ് കൊടുത്ത് ഇപ്പോൾ അഡ്മിഷൻ നേടിയിരിക്കുന്ന കുട്ടികൾ കേസ്സിനുപോകും. വീണ്ടും കൗൺസിലിംഗ് നടത്താതിരുന്നാൽ അവസരം നഷ്ടമായ കുട്ടികൾ കേസ്സുകൊടുക്കും. എന്താണ് പോംവഴി? മെഡിക്കൽ കോളേജുകളിൽ അധികമായി അനുവദിക്കുന്ന സീറ്റുകൾ ഇവർക്ക് കൊടുത്ത് പ്രശ്നം പരിഹരിക്കാൻ കഴിയുമോ എന്ന് നോക്കാവുന്നതാണ്.

ഒരു കോളേജിൽ രണ്ടുതരം ഫീസ് എന്നതും പ്രശ്നത്തിനു കാരണമാകും. ഉയർന്ന ഫീസ് കൊടുക്കുന്ന കുട്ടികളിൽ നിന്നും ലഭിക്കുന്ന ലാഭംകൊണ്ട്, മെരിറ്റിൽ എത്തിയ കുട്ടികൾക്ക് ഫീസ് ഇളവു നൽകുന്നത് പ്രായോഗികമല്ല. കാരണം, ഇത്തരത്തിലുള്ള ക്രോസ്സ് സബ്സിഡി പാടില്ല എന്ന് സുപ്രീം കോടതി വിധിച്ചിട്ടുള്ളതാണ്. സർക്കാരോ മറ്റ് ഏതെങ്കിലും ഏജൻസികളോ സ്ക്കോളർഷിപ്പ് നൽകുക മാത്രമാണ് പോംവഴി. ഇങ്ങനെ എന്തെങ്കിലും ചെയ്ത് സഹകരണ മെഡിക്കൽ കോളേജുകളിലെ പ്രശ്നം പരിഹരിച്ചാലും സ്വകാര്യ മെഡിക്കൽ കോളേജുകളിലെ പ്രശ്നം അവശേഷിക്കും. മെരിറ്റിൽ എത്തുന്ന കുട്ടികൾക്ക് അവർ സ്ക്കോളർഷിപ്പ് നൽകുമോ? നൽകിയില്ലെങ്കിൽ വീണ്ടും വിദ്യാർത്ഥി സമരം ഉണ്ടാകുകയില്ലേ?

അഴിയുംതോറും മുറുകുന്ന ഈ കുരുക്ക് സർക്കാരിന്റെ ദീർഘവീക്ഷണമില്ലായ്മയുടെ മകുടോദാഹരണമാണ്. രണ്ടു സ്വാശ്രയ കോളേജ് സമം ഒരു സർക്കാർ കോളേജ് എന്നൊക്കെ പറഞ്ഞു നടക്കുക മാത്രം ചെയ്യാതെ, സ്വാശ്രയ കോളേജുകൾക്ക് എൻ.ഒ.സി. കൊടുക്കുന്നതിനു മുൻപുതന്നെ എല്ലാ വിശദാംശങ്ങളും ചർച്ച ചെയ്ത് തീരുമാനിക്കുകയും അവയെല്ലാം ഉൾക്കൊള്ളുന്ന എഗ്രിമെന്റ് എഴുതുകയും ചെയ്തിരുന്നെങ്കിൽ ഇപ്പോഴുണ്ടായിരിക്കുന്ന പ്രശ്നങ്ങൾ ഒഴിവാക്കാമായിരുന്നു.

## ഡിഫെൻഡർ നഷ്ടപ്പെടുന്നു?

ഡിഫെൻഡർ എല്ലാ മാസവും ഒന്നാം തീയതിയും പതിനാറാം തീയതിയും ആലുവ ആർ.എം.എസ്സിൽ ജില്ല തിരിച്ച് കെട്ടുകളാക്കി കൊടുക്കയാണ് ചെയ്യുന്നത്. കെട്ടുപോലും അഴിക്കാതെ അവർ അത് അയക്കയും ചെയ്യുന്നു. പത്രം നഷ്ടപ്പെടുന്നത് മറ്റെവിടെയോ ആണ്. നിങ്ങളുടെ പോസ്റ്റ് ഓഫീസിൽ അന്വേഷിച്ച് പരാതി നൽകിയാൽ പത്രം നഷ്ടപ്പെടുന്നത് ഒഴിവാക്കാം.

## വാർഷിക വരിസംഖ്യ

ഇന്ത്യയിൽ: 100 രൂപ
ഗൾഫ് രാജ്യങ്ങൾ: 800 രൂപ
അമേരിക്ക: 30 ഡോളർ

വിലാസം:
റ്റി.എസ്.ബാലൻ, ദി ഡിഫെൻഡർ,
കെ.എസ്.ആർ.റ്റി.സിക്ക് സമീപം,
പെരുമ്പാവൂർ പി.ഒ., പിൻ - 683542.

# സത്യം സത്യമായി

യു.ഡി.എഫ്. ഭരണം തുഗ്ലക് ഭരണമാണെന്നു പറയുമ്പോൾ അത് യു.ഡി.എഫിനോടുള്ള വിരോധംകൊണ്ട് പറയുകയാണെന്ന് ചിലരെങ്കിലും തെറ്റിദ്ധരിച്ചേക്കാം. തലസ്ഥാനം ദേവഗിരിക്ക് മാറ്റേണ്ട ആവശ്യം ഇല്ലായിരുന്നെങ്കിലും ശ്രീമാൻ തുഗ്ലക് തലസ്ഥാനം മാത്രമല്ല, തലസ്ഥാനത്തുള്ള ജനങ്ങളേയും മാറ്റി. ദേവഗിരിയിൽ എത്തുന്നതിനിടയിൽ നിരവധി ആളുകൾ മരിച്ചു. അതോടെ തുഗ്ലക്കിന്റെ മനസ്സലിഞ്ഞു. തലസ്ഥാനം ഡൽഹിയിൽ നിലനിർത്താൻ തീരുമാനിച്ചു. മടങ്ങിയെത്താനുള്ള ബദ്ധപ്പാടിനിടയിൽ കൂടുതൽ ജനങ്ങൾ മരിച്ചു. അങ്ങനെ, ജനങ്ങളെ പരമാവധി കഷ്ടപ്പെടുത്തി എന്നതൊഴികെ ഒരു നേട്ടവും ഉണ്ടാക്കാതെ തുഗ്ലക് ചക്രവർത്തി ഭരണം പൊടിപൊടിച്ചു.

സ്വാശ്രയ കോളേജുകളിൽ കെ.ടി.തോമസ് കമ്മീഷൻ നിർദ്ദേശിച്ച ഫീസ് കൊടുത്തേ തീരൂ എന്ന് ആദ്യം പ്രഖ്യാപിച്ചു. അതോടെ സമരം ആരംഭിച്ചു. കുറച്ചധികം കുട്ടികളുടെ തല തല്ലിപ്പൊളിക്കുകയും വളരെയധികം പൊതുമുതൽ നശിക്കയും ചെയ്തു കഴിഞ്ഞപ്പോൾ ഫീസ് ഇളവ് പ്രഖ്യാപിച്ചു. അങ്ങനെ സമരം അവസാനിച്ചു. ഏതാനും ദിവസം കഴിഞ്ഞപ്പോൾ വീണ്ടും പ്രഖ്യാപനം വന്നു: ഈ വർഷം ഫീസിളവ് നൽകാനാവില്ല.

"സർക്കാർ വാക്കു മാറിയേ" എന്നു പറഞ്ഞ് വിദ്യാർത്ഥികളും പ്രതിപക്ഷവും ബഹളം വെച്ചു. ജൂലൈ 11ന് വിദ്യാഭ്യാസ ബന്ദും പ്രഖ്യാപിച്ചു. അതോടെ അന്ന് നടത്താനിരുന്ന എല്ലാ വിദ്യാഭ്യാസ പരിപാടികളും മാറ്റിവെച്ചു. അപ്പോൾ വീണ്ടും വരുന്നു പ്രഖ്യാപനം: മെരിറ്റ് സീറ്റിൽ സർക്കാർ ഫീസ് മാത്രമേ ഈടാക്കൂ. അതോടെ ബന്ദ് പ്രഖ്യാപനം പിൻവലിക്കപ്പെട്ടു. പക്ഷേ, ഫലത്തിൽ ജൂലൈ 11ന് വിദ്യാഭ്യാസ ബന്ദ് തന്നെ ആയിരിന്നു.

മെരിറ്റ് സീറ്റിൽ സർക്കാർ ഫീസ് കൊടുത്താൽ മതിയാകുമോ? അത് തീർത്തു പറയാനാവില്ല. കാരണം, തീരുമാനം ഇനിയും മാറിയേക്കാം. ഈ സർക്കാർ തുഗ്ലക്കിനെ കടത്തിവെട്ടുന്ന ലക്ഷണമുണ്ട്.

ഇടതുപക്ഷത്തുനിന്ന് ഒരു കക്ഷി ഏറെ താമസിയാതെ യു.ഡി.എഫിൽ എത്തുമെന്ന് യു.ഡി.എഫ്. കൺവീനറായ പി.പി. തങ്കച്ചൻ പറയുന്നു. പൂർത്തീകരിക്കപ്പെടാത്ത ആഗ്രഹങ്ങളുടെ പൂർത്തീകരണമാണ് സ്വപ്നം എന്നത്രെ സിഗ്മണ്ട് ഫ്രോയിഡ് പറയുന്നത്. തങ്കച്ചൻ സാർ എന്തോ സ്വപ്നം കണ്ട് പറഞ്ഞതാണോ എന്ന് ബലമായി സംശയിക്കണം. സ്വപ്നമല്ലെങ്കിൽ, സംഗതി സത്യമാണെങ്കിൽ, ഏതാണ് ആ പാർട്ടി. ഏതായാലും സി.പി.എം. അല്ലെന്നു തീർച്ച. പിന്നെ ആരാണ്? സി.പി.ഐ. ആണോ? നാഷണൽ കോൺഗ്രസ്സ് ഇടതു മുന്നണിയിൽ എത്തിയാൽ തങ്ങൾക്കുള്ള രണ്ടാം സ്ഥാനം നഷ്ടമാകുമെന്ന ഭയം മൂലം സി.പി.ഐ. ഇങ്ങനെ ഒരു കടുംകൈ ചെയ്യുമോ? സംശയമാണ്.

ആർ.എസ്.പി. ആണോ? രണ്ടു കേരള കോൺഗ്രസ്സുകളിൽ ഏതെങ്കിലുമാണോ? ജനതാ ദളോ അവശിഷ്ട കോൺഗ്രസ്സുകളിൽ ഏതെങ്കിലുമോ ആണോ? ഒന്നും പറയാറായിട്ടില്ല. "ഗുരോ, അതു ഞാനാണോ" എന്ന മട്ടിൽ നിൽക്കയാണ് എല്ലാവരും.

റാവുത്തരുടെ പാർട്ടി നാഷണൽ കോൺഗ്രസ്സിൽ ലയിച്ചിരിക്കുന്നു. റാവുത്തരുടെ സാക്ഷാൽ പാർട്ടിയിൽ എത്രപേരുണ്ടായിരുന്നു എന്ന് പൊതുജനത്തിനറിയാം. അങ്ങനെയെങ്കിൽ റാവുത്തരോടൊപ്പം ലയിച്ചത് എത്ര പേർ എന്നും ഊഹിക്കാം. കടലിൽ കായം കലക്കിയതുപോലെ എന്നല്ലാതെ എന്തു പറയാൻ. എള്ളു കൊറിച്ചാൽ എള്ളോളം എന്നൊരു ചൊല്ലും ഉണ്ടല്ലോ എന്ന് ലീഡർജി മനസ്സിൽ പറയുന്നുണ്ടാകും.

ഒൻപതു മണ്ഡലങ്ങൾ അനാഥമാക്കിയെന്നു പറഞ്ഞ് യു.ഡി.എഫ്. നാഷണൽ കോൺഗ്രസ്സുകാരെ പഴിക്കയാണ്. സംഗതി ശരിയാണെന്ന് സമ്മതിക്കയും ചെയ്യാം. ഉപതെരഞ്ഞെടുപ്പ് നടക്കാൻ സാദ്ധ്യതയില്ലാത്തതുകൊണ്ട് ഈ മണ്ഡലങ്ങൾ ഒരു വർഷത്തോളം കാലം ഒഴിഞ്ഞു കിടക്കുകതന്നെ ചെയ്യും. പക്ഷേ, ഒരു സംശയം: ചേർത്തലയും അനാഥമായി കിടക്കുകയാണല്ലോ. ഏതാനും ദിവസം മുൻപ് രാജി വെയ്ക്കാൻ ആന്റണിക്ക് തോന്നിയിരുന്നെങ്കിൽ അവിടെ ഉപതെരഞ്ഞെടുപ്പിലൂടെ ഒരു നാഥനെ ഉണ്ടാക്കാമായിരുന്നല്ലോ. മുതലക്കണ്ണീരുമായി നടക്കുന്നവർക്ക് ഇതു ചെയ്യാൻ മനസ്സില്ലാതെപോയതെന്തേ? തോറ്റുപോകും എന്ന ഭയം കൊണ്ട് എന്നല്ലേ സത്യസന്ധമായി പറയാൻ പറ്റൂ? അതുകൊണ്ട് വിദ്വാൻമാർ മൗനം ഭൂഷണമാക്കിക്കൊള്ളൂ.

പി.കെ.വിയുടെ മരണത്തോടെ ആദർശശുദ്ധിയുള്ള ഒരു രാഷ്ട്രീയ നേതാവിനേക്കൂടി കേരളത്തിനു നഷ്ടമായിരിക്കയാണ്. ജീവിതം രാഷ്ട്രീയ പ്രവർത്തനത്തിനായി മാറ്റിവെയ്ക്കുക, അത് നിസ്വാർത്ഥമായി ചെയ്യുക, അഴിമതിയുടെ കറ പുരളാതെ സൂക്ഷിക്കുക തുടങ്ങിയതൊക്കെ അത്ര എളുപ്പമുള്ള കാര്യമല്ല. പക്ഷേ, ഇതൊക്കെ പി.കെ.വിക്ക് സാധിച്ചു. അതാണ് പി.കെ.വിയെ വ്യത്യസ്തനാക്കുന്നതും.

ദൈവവേലയുടെ മറവിൽ കോടികൾ വാരിക്കൂട്ടുന്ന പെന്തക്കോസ്ത് നേതാക്കൻമാർ പി.കെ.വിയിൽ നിന്ന് പാഠങ്ങൾ ഉൾക്കൊള്ളണം. തികഞ്ഞ ഭൗതികവാദിയായിരുന്ന പി.കെ.വിക്ക് നിസ്വാർത്ഥമായി പ്രവർത്തിക്കാൻ കഴിഞ്ഞു. പക്ഷേ, ആത്മീയതയുടെ മൂടുപടവുമായി ഇറങ്ങിയിരിക്കുന്ന പെന്തക്കോസ്ത് നേതാക്കൻമാർക്ക് "നമുക്കും കിട്ടണം പണം" എന്നതു മാത്രമാണ് പ്രമാണം.

പെന്തക്കോസ്ത് നേതാക്കൻമാരിൽ പലരും വിദേശകൊയ്ത്തിന് പോയിരിക്കയാണ്. ചിലർ കൊയ്ത്തും കഴിഞ്ഞ് മടങ്ങിയെത്തിയിരിക്കുന്നു. കഴിയുന്നത്ര പണം സ്വരൂപിക്കുക, അതെല്ലാം സ്വകാര്യ ട്രസ്റ്റിലാക്കി സർക്കാരിനെ കബളിപ്പിക്കുക, ആത്മീയതയുടെ മറവിൽ ജനവഞ്ചന നടത്തുക, തുടങ്ങിയതൊക്കെയാണ് ഇവരുടെ സ്ഥിരം പരിപാടി. പക്ഷേ, ഇവരുടെയൊക്കെ പ്രസംഗം കേട്ടാൽ ഇവരേക്കാൾ വലിയ സർവ്വസംഗ പരിത്യാഗികൾ ഇല്ലെന്ന് തോന്നിപ്പോകും.

കെ.സിയുടെ ചാനലിനേക്കുറിച്ച് ഈയിടെയായി ഒന്നും കേൾക്കാനില്ല. ഇങ്ങനെയായാൽ എങ്ങനെയാ കെ.സി? റിക്കാഡിംഗ് പുരോഗമിക്കുന്നു, കെട്ടിടം ഉയർന്നുവരുന്നു, ഉദ്ഘാടനം ഉടൻ എന്നൊക്കെ മാസത്തിൽ ഒരിക്കലെങ്കിലും പറഞ്ഞുകൊണ്ടിരിക്കണം. പമ്പര വിഡ്ഢികളായ പെന്തക്കോസ്ത് പത്രക്കാർ ഇതൊക്കെ വൻവാർത്തകളായി കൊട്ടിഘോഷിച്ചുകൊള്ളും. ഡിഫെൻഡർ ഒഴികെ ആരും എതിർത്ത് പറയുകയില്ല. അതുകൊണ്ട് ഉടൻ ഒരു പത്രസമ്മേളനം വിളിച്ച് എന്തെങ്കിലുമൊക്കെ പറയണം.

എല്ലാവിധ അച്ചടി ജോലികൾക്കും സമീപിക്കുക

പുസ്തകങ്ങൾ, ലഘുലേഖകൾ, ബ്രോഷറുകൾ തുടങ്ങിയവയുടെ ഡി.റ്റി.പി., എഡിറ്റിംഗ്, പ്രിന്റിംഗ് തുടങ്ങിയ എല്ലാ ജോലികളും ചെയ്യുന്നതാണ്.
ആത്മീയ ഗ്രന്ഥങ്ങൾക്ക് പ്രത്യേക പരിഗണന.

പെരുമ്പാവൂർ പ്രിന്റേഴ്സ്
ബസ്റ്റ് കോംപ്ലക്സ്
കെ.എസ്.ആർ.ടി.സിക്ക് സമീപം
പെരുമ്പാവൂർ. ഫോൺ : 0484-3950734, 9447414608

# പോലീസ് മാർക്സിസ്റ്റായി

കള്ളൻ പോലീസായെന്നോ പോലീസ് കള്ളനും കൊലപാതകിയും ഒക്കെ ആയെന്നോ കേട്ടിട്ടുണ്ട്. പക്ഷേ, പോലീസ് മാർക്സിസ്റ്റ് ആയ സംഭവം ഉലകത്തിൽ ആദ്യത്തേതാകാം. ഈ അത്ഭുത സംഭവത്തേക്കുറിച്ചാണ് പറയാൻ പോകുന്നത്.

കെ.വി.ജയിംസ് എന്ന വ്യഭിചാരിയെ കൊച്ചറ ചർച്ച് ഓഫ് ഗോഡ് കെട്ടു കെട്ടിച്ച കഥ ജൂൺ 16 ലക്കം ഡിഫെൻഡറിൽ എഴുതിയിരുന്നല്ലോ. ഈ വാർത്തയേക്കുറിച്ച് ജയിംസിന്റെ ഭാഗത്തുനിന്നും കാര്യമായ പ്രതികരണമൊന്നും ഉണ്ടായില്ല. എല്ലാവരും ഈ കഥയൊക്കെ മറന്നു തുടങ്ങിയതായിരുന്നു. അതിനിടയിലാണ് ഒരു ഫോൺ വിളി ഉണ്ടായത്.



കെ.വി.ജയിംസ്

ജൂൺ 30ന് പകൽ 2 മണിക്കാണ് വിളി വന്നത്. ടി. എസ്.ബാലനാണ് ഫോൺ അറ്റന്റ് ചെയ്തത്. സംഭാഷണം ഇങ്ങനെ:

ടി.എസ്.ബാലൻ ആണോ?

അതെ.

നിങ്ങൾ ഒരു പ്രസ്സ് നടത്തുന്നുണ്ടോ?

ഉണ്ട്.

പ്രസ്സ് നടത്താൻ നിങ്ങൾക്ക് ആരാണ് അധികാരം തന്നത്?

ആരാണ് വിളിക്കുന്നതെന്ന് ദയവായി പറയാമോ?

പത്തനംതിട്ട പോലീസ് സ്റ്റേഷനിൽ നിന്നാണ്.

എന്താണാവോ കാരണം?

നിങ്ങളേക്കുറിച്ച് ഒരു പരാതി കിട്ടിയിട്ടുണ്ട്.

എന്താണ് പരാതി?

ദുർന്നടപ്പുകാരനായ പാസ്റ്ററെ സഭ തിരസ്ക്കരിച്ചു എന്ന് നിങ്ങൾ എഴുതിയില്ലേ.

എഴുതി.

അതേപ്പറ്റിയാണ് പരാതി.

പരാതി കിട്ടിയിട്ടുണ്ടെങ്കിൽ നടപടി എടുക്കൂ. എന്തിനാണ് ഫോൺ ചെയ്യുന്നത്?

നടപടി എടുത്താൽ എന്തു സംഭവിക്കുമെന്നറിയാമോ?

അറിയാം. ആകാശം ഇടിഞ്ഞു വീഴും.

എന്താ കളിയാക്കുകയാണോ?

അല്ലേ, സത്യം പറയുകയാ. കേസ്സ് എന്നു കേട്ടപ്പോൾതന്നെ എന്റെ മുട്ട് കൂട്ടിയിടിക്കുന്നു.

എടാ, ഞാൻ മാർക്സിസ്റ്റാഡാ. നിനക്ക് മാർക്സിസ്റ്റുകാരെ അറിയാമോടാ? നിന്നെ ഞങ്ങൾ തട്ടിക്കളയും.

പോലീസ് ഇത്ര പെട്ടെന്ന് എങ്ങനെയാണാവോ മാർക്സിസ്റ്റ് ആയത്?

കളിയാക്കുന്നോടാ? നിന്നെ ഞങ്ങള് കാണിച്ചുതരാം.

അങ്ങനെ ആ ഫോൺ വിളി അവസാനിച്ചു. ഏതു നമ്പറിൽ നിന്നാണ് വിളിച്ചതെന്ന് പരിശോധിച്ചു. 04735240823. അത് ആരുടെ നമ്പറാണെന്ന് നോക്കി. Thomas Varghese; Kakkunnathu House; Madathummoozi;Ranni, Perinadu; 689711.

ഈ വിലാസം ആരുടേതാണെന്നും അന്വേഷിച്ചു. ജയിംസ് പാസ്റ്ററുടെ പിതാവിന്റെ വിലാസമാണിത്. അതായത്, ജയിംസിന്റെ കുടുംബവീട്ടിലെ ഫോൺ. ആരാണ് ഫോൺ വിളിച്ചത്? ഒരു ചെറുപ്പക്കാരന്റെ ശബ്ദമാണ് കേട്ടത്. അതുകൊണ്ട് ജയിംസ് പാസ്റ്ററുടെ പിതാവാകാൻ ഇടയില്ല. പിന്നെ ആര്? അത് ജയിംസ് പാസ്റ്റർക്ക് അറിയാം. ജയിംസിന്റെ മാതാപിതാക്കൾക്കും അറിയാം എന്ന് കരുതാം. പക്ഷേ, വെളുക്കാൻ തേച്ചത് പാണ്ടായി എന്ന ഫലമാണ് ഈ ഫോൺ വിളിമൂലം ഉണ്ടായിരിക്കുന്നത് എന്ന് ഏവരും അറിഞ്ഞാൽ നന്ന്.

# ഭീഷണിക്കാരൻ മോശക്കാരനല്ല

ഡിഫെൻഡറിന്റെ പേരു പറഞ്ഞ് ഭീഷണിപ്പെടുത്തി പണം പിടുങ്ങുന്നത് തൊഴിലാക്കിയ സജി വർഗീസ് എന്ന വിരുതനേപ്പറ്റി കഴിഞ്ഞ ലക്കം ഡിഫെൻഡറിൽ എഴുതിയിരുന്നല്ലോ. ഈ വാർത്ത വായിച്ച നിരവധി ആളുകൾ തങ്ങൾക്കുണ്ടായ അനുഭവങ്ങൾ ഡിഫെൻഡർ ഓഫീസിൽ വിളിച്ച് അറിയിക്കയുണ്ടായി.

ഇയാളെ ഡിഫെൻഡറിന്റെ ഏജന്റായാണ് മിക്കവരും കണക്കാക്കിയിരുന്നത്. ആരേക്കുറിച്ചും ഡിഫെൻഡറിൽ എഴുതിക്കാനും എഴുതിക്കാതിരിക്കാനും തനിക്ക് സാധിക്കും എന്നത്രേ ഇയാൾ പ്രചരിപ്പിച്ചിരുന്നത്. ഇത് സത്യമാണെന്നു ധരിച്ച് പലരും തങ്ങളേക്കുറിച്ച് ഡിഫെൻഡറിൽ വരാതിരിക്കാൻ സജി വർഗീസിന് പണം കൊടുത്തതായും അറിയാൻ കഴിഞ്ഞു.

കുറച്ചുകാലം മുൻപ് ഇയാൾ ചർച്ച് ഓഫ് ഗോഡിലെ പാസ്റ്ററായിരുന്നത്രേ. സകലവിധ ദുർന്നടപടികളും ഇയാൾക്കുണ്ടായിരുന്നെങ്കിലും തക്ക തെളിവ് ലഭിക്കാതിരുന്നതുകൊണ്ട് നടപടി എടുക്കാൻ കഴിഞ്ഞില്ല. അങ്ങനെയിരിക്കെ ഒരു ദിവസം ഇയാളെ തിയേറ്ററിൽ വെച്ച് ചിലർ പിടികൂടി. അങ്ങനെയാണ് ഈ വിദ്വാൻ ചർച്ച് ഓഫ് ഗോഡിൽ നിന്നും പുറത്തായത്.

ഉപദേശിപ്പണി അല്ലാതെ മറ്റൊരു പണിയും അറിഞ്ഞുകൂടാത്തതുകൊണ്ട് ഇയാൾ ഉപദേശിവേഷം അഴിച്ചു വെച്ചില്ല. ഏതു ദുർന്നടപ്പുകാരനേയും സ്വീകരിക്കാൻ ശാരോൻ നേതാക്കൻമാർക്ക് മടിയില്ല. അങ്ങനെ, ടി.പി.ഏബ്രഹാമിന്റെ സഹായത്തോടെ സജി വർഗീസ് ശാരോനിലെ പാസ്റ്ററായി. ഇപ്പോൾ പൂയംകുട്ടിയിലെ ശാരോൻ സഭയുടെ പാസ്റ്ററാണ്.

ഡിഫെൻഡറിന്റെ പേരു പറഞ്ഞ് മുതലെടുപ്പ് നടത്താൻ സജിയെ പ്രേരിപ്പിച്ച ചോതോവികാരം എന്താണെന്ന് അറിഞ്ഞുകൂടാ. ഞങ്ങൾ ഇയാളെ കണ്ടിട്ടുപോലുമില്ല. ഇയാളുമായി ഒരു വിധത്തിലുള്ള ബന്ധവും ഇല്ല. അങ്ങനെയിരിക്കെ എന്തിന് ഡിഫെൻഡറിന്റെ പേരു പറഞ്ഞു? ഡിഫെൻഡറിന് ജനമദ്ധ്യത്തിലുള്ള വിശ്വാസ്യത മുതലെടുത്ത് പണമുണ്ടാക്കാമെന്ന് ഇയാൾ ധരിച്ചിരിക്കാം. ഡിഫെൻഡർ ഓഫീസിലേക്ക് വിളിച്ചു ചോദിക്കാൻ ആരും ധൈര്യപ്പെടില്ല എന്നും ഇയാൾ കരുതിയിരിക്കാം. ഈ വൈകിയ വേളയിലെങ്കിലും ഈ കള്ളനെ പിടികൂടാൻ കഴിഞ്ഞതിൽ സന്തോഷമുണ്ട്.

## സിമണിക്കഥ ..................

അത്തരം ഒരു കത്ത് ഞാൻ എഴുതിയിട്ടില്ല; IPC സ്റ്റേറ്റ് കൗൺസിലിലോ, മറ്റ് ആർക്കും തന്നെ വിതരണം ചെയ്തിട്ടുമില്ല. ഞാൻ ആർക്കും പണം കൊടുക്കുകയോ, അത്തരത്തിലുള്ള നേട്ടങ്ങൾ ഉണ്ടാക്കുകയോ ചെയ്തിട്ടുമില്ലയെന്നുള്ളത് സത്യമാണ്. ആയതുകൊണ്ട് IPC സ്റ്റേറ്റ് കൗൺസിലിൽ ഈ കത്ത് മുഖേനയും, നിങ്ങളുടെ പ്രസിദ്ധീകരണത്താലും എന്നെക്കുറിച്ച് ഉണ്ടായിരിക്കുന്ന തെറ്റിദ്ധാരണകൾ മാറിക്കിട്ടുന്നതിനും വായനക്കാരിൽ ഉണ്ടായിരിക്കുന്ന തെറ്റിദ്ധാരണകൾ മാറിക്കിട്ടുന്നതിനും വായനക്കാരിൽ ഉണ്ടായിരിക്കുന്ന അസംതൃപ്തി ഇല്ലാതാകുന്നതിനും എന്റെ അഭിമാനം നിലനിർത്തുന്നതിനും, ഈ കത്ത് ഇപ്രകാരം തന്നെപ്രസിദ്ധീകരിക്കണമേയെന്ന് താല്പര്യപ്പെടുന്നു.

Pastor K.C. John, V.M Mathewഎന്നിവരോ, ഇവരിൽ ആരെങ്കിലുമോ അല്ല എന്നെ റീജണൽ പ്രസിഡന്റാക്കിയത്. IPC ജനറൽ കൗൺസലിന്റെ നിർദ്ദേശപ്രകാരം കാര്യങ്ങൾ അന്വേഷിച്ച് കൗൺസിലിലേക്ക് റിപ്പോർട്ട് കൊടുക്കുകമാത്രമേ അവർ ചെയ്തിട്ടുള്ളൂ. സൗദി അറേബ്യയിലെ IPC പ്രവർത്തകർ ഒന്നിച്ചുകൂടി റീജനൽ ഭാരവാഹികളെ തിരഞ്ഞെടുത്ത കൂട്ടത്തിൽ എന്നെ പ്രസിഡന്റായി തിരഞ്ഞെടുക്കുകയും ജനറൽ കൗൺസിൽ അത് അംഗീകരിച്ചതുമാണ്. Moni ചെന്നിത്തലയുടെ കത്താണ് എന്ന ധാരണയിലാണല്ലോ ആ കത്ത് പ്രസിദ്ധീകരിച്ചത്. അങ്ങനെയെങ്കിൽ എന്നെ വിളിച്ചോ, എനിക്ക് എഴുതിയോ നിജസ്ഥിതി അന്വേഷിക്കാമായിരുന്നു. അതുചെയ്യാതെ ഇങ്ങനെയുള്ള ഒരു കത്ത് പ്രസിദ്ധീകരിച്ചതിൽ വളരെ കുണ്ഠിതമുണ്ട്. ആയതുകൊണ്ട് നാം തമ്മിൽ സംസാരിച്ചതിൽ പ്രകാരം അനുയോജ്യമായ മറുപടി പ്രതീക്ഷിച്ചുകൊണ്ട്- ക്രിസ്തുവിൻ സഹോദരൻ Moni Chennithala.

മോനി ചെന്നിത്തലയുടേതായി ആദ്യം ലഭിച്ച കത്തിൽ ഒപ്പുണ്ട്. എന്നാൽ ഈ നിഷേധക്കുറിപ്പിൽ ഒപ്പില്ല.

ഡിഫെൻഡറിൽ വാർത്ത വന്നപ്പോൾ മാത്രമാണ് ഇത്തരം ഒരു കത്തിനേക്കുറിച്ച് താൻ അറിയുന്നതെന്ന് മോനി ചെന്നിത്തല ഫോണിൽ അറിയിക്കയുണ്ടായി. രണ്ടു മാസം മുൻപ് പ്രധാനപ്പെട്ട ഐ.പി.സി. നേതാക്കൻമാർക്കെല്ലാം കത്ത് കിട്ടിയതാണ്. ഇവരിൽ ആരും മോനി ചെന്നിത്തലയോട് ഇതേപ്പറ്റി സംസാരിച്ചില്ലേ?

കൗൺസിലിന്റെ നിർദ്ദേശപ്രകാരം സൗദിയിൽ പോയി വസ്തുതകൾ പഠിച്ച് റിപ്പോർട്ട് കൊടുക്കുക മാത്രമേ താൻ ചെയ്തിട്ടുള്ളു എന്ന് വി.എം.മാത്യുസാർ ഡിഫെൻഡറിനെ അറിയിച്ചിട്ടുണ്ട്.

ഈ വിഷയത്തോടുള്ള ബന്ധത്തിൽ ഡിഫെൻഡറിന് അറിയാനുള്ള കാര്യങ്ങൾ ഇവയാണ്:

1. മോനി ചെന്നിത്തലയുടെ പേരുവെച്ച് കത്തു കിട്ടിയിട്ടും ഐ.പി.സി. നേതാക്കൻമാർ എന്തുകൊണ്ട് മോനി ചെന്നിത്തലയെ വിളിച്ച് അന്വേഷണം നടത്തിയില്ല?
2. കത്തിലുള്ള ഒപ്പ് മോനി ചെന്നിത്തലയുടേതാണോ?
3. കത്ത് വ്യാജമാണെങ്കിൽ ആരാണ് ഈ കത്ത് അയച്ചത്?
4. കത്തിൽ പറയുന്നതുപോലെ ഏതെങ്കിലും ഐ.പി.സി. നേതാവ് മോനി ചെന്നിത്തലയിൽ നിന്നും പണം വാങ്ങിയിട്ടുണ്ടോ?

ഈ ചോദ്യങ്ങൾക്കുകൂടി ഉത്തരം കിട്ടിയാലേ പ്രശ്നം പരിഹരിക്കപ്പെടൂ. പക്ഷേ, വസ്തുതകൾ പുറത്തു കൊണ്ടുവരാൻ ഏതെങ്കിലും ഐ.പി.സി. നേതാവ് താല്പര്യം എടുക്കുമോ? കണ്ടറിയണം.

# പെന്തക്കോസ്ത് നേതാക്കൻമാർ നിയമത്തിന് അതീതരോ?

പെന്തക്കോസ്ത് നേതാക്കൻമാർ നിയമത്തിന് അതീതരാണോ? ആണെന്ന ഭാവത്തിലത്രേ ഭൂരിപക്ഷം നേതാക്കൻമാരും പെരുമാറുന്നത്. തങ്ങൾ എന്തു ചെയ്താലും ദൈവം സംരക്ഷണം നൽകിക്കൊള്ളും എന്ന് ഇവർ ധരിച്ചു വെച്ചിരിക്കയാണെന്നു തോന്നുന്നു. ചില ഉദാഹരണങ്ങൾ ഇതാ:

കുറെ വർഷങ്ങൾക്കു മുൻപ് ഐ.പി.സിയുടെ ഹെബ്രോൻ ബൈബിൾ കോളേജിന് ഇംഗ്ലീഷ് മീഡിയം ക്ലാസ്സ് തുടങ്ങാൻ ഒരു സായിപ്പ് 50,000 ഡോളർ സംഭാവന കൊടുത്തു. ഈ രാജ്യത്തെ നിയമം അനുസരിച്ച് ആ പണം ഐ.പി.സിയുടെ ഹെബ്രോൻ ബൈബിൾ കോളേജിന് ഇംഗ്ലീഷ് മീഡിയം തുടങ്ങാൻ വിനിയോഗിക്കേണ്ടതാണ്. പക്ഷേ, ഒരു മനഃസാക്ഷിക്കുത്തും കൂടാതെ റ്റി.എസ്.ഏബ്രഹാം ഈ പണം സ്വന്തം പോക്കറ്റിലാക്കി. പിന്നീട് അത് കേസ്സായി. കോടതി സമൻസ് അയച്ചിട്ടും ഹാജരാകാതെ നടന്നു. ഒടുവിൽ ഹാജരായി. ശിക്ഷ കിട്ടും എന്ന് ഉറപ്പായപ്പോൾ വാദികളുമായി ഒത്തുതീർപ്പുണ്ടാക്കി തലയൂരി. എന്നിട്ടും ഈ പണം ഐ.പി.സിക്ക് കൊടുത്തുമില്ല. ഈ വിധത്തിൽ ഐ.പി.സിയുടെ കുറച്ചധികം സ്വത്ത് റ്റി.എസ്.ഏബ്രഹാം തട്ടിയെടുത്തിട്ടുണ്ട്. ഐ.പി.സിയുടെ ജനറൽ ട്രഷറാർ ആയ ജോസഫ് താന്നിക്കൽ, ഏതെങ്കിലും ഐ.പി.സി. അംഗം ഒരു കേസ്സ് ഫയൽ ചെയ്യാൻ ധൈര്യം കാണിച്ചാൽ ഇനിയുള്ള കാലം റ്റി.എസ്. ഏബ്രഹാമിന് ഉണ്ടതിന്ന് കഴിയേണ്ടതായിവരും.

നിയമത്തിന് എന്തെങ്കിലും വില കല്പിക്കുന്നവരായിരുന്നെങ്കിൽ കെ.എം.ജോണും ജോർജ് ഉമ്മനും ഒരു മൂന്നാം ഊഴത്തിന് ശ്രമിക്കയില്ലായിരുന്നു. പതിവു പോലെ ആരും ചോദ്യം ചെയ്യില്ല എന്ന ധാരണയിലാണ് ഇവർ നിയമ ലംഘനം നടത്തിയത്. ഇതിനെതിരെ പ്രതികരിക്കാൻ ചിലർ തയ്യാറായതുകൊണ്ട് കേസ്സുണ്ടായി. എങ്കിലും കേസ്സ് ജയിക്കാൻ നേതാക്കൻമാർക്ക് കഴിഞ്ഞു. എങ്ങനെയാണ് അവർ കേസ്സ് ജയിച്ചതെന്ന് ഡിഫെൻഡറിനറിയാം. തത്ക്കാലം അതേപ്പറ്റി പറയുന്നില്ല.

വിവാഹിതയായ മകളെ ബലമായി പിടിച്ചുകൊണ്ടുവന്ന്, (വിവാഹമോചനംപോലും നടത്താതെ), രണ്ടാംവിവാഹം നടത്താൻ റ്റി.എസ്.ഏബ്രഹാമിന് ഒരു ശങ്കയും ഉണ്ടായില്ല. രാജ്യത്തെ നിയമത്തെയോ ബൈബിളിനെയോ മാനിക്കുന്ന ആർക്കും ഇങ്ങനെ ചെയ്യാൻ കഴിയില്ല.

വനിതാ ബൈബിൾ സ്ക്കൂളുകൾ എന്ന പേരിൽ പെന്തക്കോസ്ത് നേതാക്കൻമാർ നടത്തുന്ന സ്ഥാപനങ്ങൾ വെറും വ്യഭിചാരശാലകളാണെന്ന് കുമ്പനാട്ടും തിരുവല്ലയിലും ഉണ്ടായ സംഭവങ്ങൾ തെളിയിക്കുന്നു. ആത്മീയതയുടെ മറവിൽ നടക്കുന്ന ഇത്തരം നിയമലംഘനങ്ങൾക്കെതിരെ നിയമ നടപടി ഉണ്ടാകണം.

സ്വദേശത്തുനിന്നും വിദേശത്തുനിന്നുമായി അനേക ലക്ഷം രൂപ ഓരോ പെന്തക്കോസ്ത് നേതാവിന്റെയും പോക്കറ്റിൽ എത്തുന്നുണ്ട്. പക്ഷേ, ഇതിനൊക്കെ കണക്ക് സൂക്ഷിക്കാനോ രാജ്യത്തെ നിയമം അനുസരിച്ച് ആദായനികുതി കൊടുക്കാനോ ഇവരിൽ എത്രപേർ തയ്യാറാകുന്നു? ആദായനികുതി വകുപ്പ് പിടികൂടിയാൽ ഈ നേതാക്കൻമാരുടെ സ്ഥിതി പരമദയനീയമായിരിക്കും എന്നതിന് സംശയമില്ല.

ഏറ്റവും അധികം നിയമലംഘനം നടക്കുന്ന പെന്തക്കോസ്ത് പ്രസ്ഥാനം ശാരോനാണ്. അൻപതു കോടിയോളം രൂപയുടെ വെട്ടിപ്പ് ശാരോനിൽ നടന്നിട്ടുള്ളതായി അറിയാം.

പെന്തക്കോസ്ത് സംഘടനകൾ സൊസൈറ്റീസ് ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്ത സൊസൈറ്റികളാണ്. അതുകൊണ്ട് സൊസൈറ്റീസ് ആക്ടിന്റെ ചട്ടങ്ങളും നിയമങ്ങളും അനുസരിച്ചുവേണം ഈ സംഘടനകൾ പ്രവർത്തിക്കാൻ. സൊസൈറ്റിക്കുവേണ്ടി സ്വദേശത്തുനിന്നും വിദേശത്തുനിന്നും പിരിച്ചെടുക്കുന്ന പണം സൊസൈറ്റിയുടെ സ്വത്താണ്. അത് നേതാക്കൻമാരുടെ പോക്കറ്റിലേക്കോ അവരുടെ സ്വകാര്യ സംഘടനകളിലേക്കോ പോകാൻ പാടില്ല.

തിരുവല്ല ശാരോൻ കോമ്പൗണ്ടിൽ കാണുന്ന ബഹുനില മന്ദിരം ക്രിസ്ത്യൻ എയ്ഡ് എന്ന അമേരിക്കൻ സംഘടന ശാരോൻ ഫെലോഷിപ്പിന് സംഭാവനയായി കൊടുത്ത പണംകൊണ്ട് ഉണ്ടാക്കിയതാണ്. പക്ഷേ, ഈ കെട്ടിടം പണിതിരിക്കുന്നത് ശാരോൻ ഫെലോഷിപ്പിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്തല്ല സ്വകാര്യ ഭൂമിയിലാണ്. അനേകകോടി രൂപ വിലമതിക്കുന്ന ഈ കെട്ടിടം ഇപ്പോൾ ഫലത്തിൽ സ്വകാര്യ സ്വത്താണ്.

ശാരോന്റെ വകയായി മലബാറിലുള്ള അനാഥശാലയിൽ നടക്കുന്ന തട്ടിപ്പുകളേക്കുറിച്ച് ഡിഫെൻഡറിൽ ഇതിനു മുൻപ് എഴുതിയിരുന്നല്ലോ. അറുപതേക്കറിലധികം വരുന്ന കശുമാവിൻ തോട്ടം കൈവശമുണ്ടായിട്ടും ആ സ്ഥാപനത്തിലെ അന്തേവാസികളായ കുട്ടികൾക്ക് വേണ്ട വിധത്തിൽ ആഹാരം കൊടുക്കാൻ പോലും സി.വി.ജോൺ എന്ന നീചൻ തയ്യാറാകുന്നില്ല. ഇങ്ങനെ പിച്ചച്ചട്ടിയിൽ കൈയിട്ടുവാരിയാണ് സി.വി. പണക്കാരനായത്.

ശാരോൻ ഫെലോഷിപ്പിന് സ്ഥലം വാങ്ങാനും കെട്ടിടം പണിയാനും മറ്റുമായി പിരിച്ചെടുക്കുന്ന പണം ശാരോൻ നേതാക്കൻമാരായ റ്റി.ജി.കോശി, റ്റി.പി. ഏബ്രഹാം തുടങ്ങിയവർ സ്വന്തം സംഘടനകളുടെ പേരിൽ ആക്കുകയാണ് ചെയ്യുന്നത്. ഇന്ത്യൻ ശിക്ഷാ നിയമം 406-ാം വകുപ്പ് ഉൾപ്പെടെയുള്ള വിവിധ നിയമങ്ങൾ അനുസരിച്ച് ശിക്ഷ ലഭിക്കാവുന്ന കുറ്റങ്ങളാണ് ഇവർ ചെയ്തുകൊണ്ടിരിക്കുന്നത്. ഇതിന് മറപിടിക്കാനായി ശാരോൻ ഭരണ ഘടനപോലും അട്ടിമറിച്ചു.

ഭൂകമ്പത്തിന്റെ പേരിൽ ശാരോൻ ഫെലോഷിപ്പ് പിരിച്ചെടുത്ത ലക്ഷക്കണക്കിന് രൂപ തട്ടിയെടുക്കാൻ പോലും ശാരോൻ നേതാക്കൻമാർ ശ്രമം നടത്തിയിരുന്നു. ഒടുവിൽ, റ്റി.എസ്.ബാലൻ എന്ന ഈയുള്ളവൻ ഈ അനീതിക്കെതിരേ പോലീസ് പരാതി കൊടുത്തശേഷമാണ് ഒരു ചെറിയ തുകയെങ്കിലും ദുരിതാശ്വാസനിധിയിൽ അടച്ചത്.

ശാരോൻ നേതാക്കൻമാരായ റ്റി.ജി.കോശിക്കും റ്റി.പി.ഏബ്രഹാമിനും മറ്റും ശാരോനിൽ എത്തുന്ന കാലത്ത് എന്തുണ്ടായിരുന്നു എന്നും ഇപ്പോൾ എന്തുണ്ട് എന്നും മാലോകർക്കറിയാം. ഇന്ത്യയെ സുവിശേഷീകരിക്കാനെന്ന വ്യാജേന ഇവർ സ്വദേശത്തുനിന്നും വിദേശത്തുനിന്നും പിരിച്ചുണ്ടാക്കിയതാണ് ഇതൊക്കെ. സായിപ്പൻമാർ എത്തുമ്പോൾ ശാരോനിലെ വിശ്വാസികളേയും ശുശ്രൂഷകൻമാരേയും വിളിച്ചു കൂട്ടി പ്രദർശിപ്പിച്ചാണ് ഇവർ പണമുണ്ടാക്കിയത്. അതുകൊണ്ടുതന്നെ ഈ പണം ശാരോൻ ഫെലോഷിപ്പിന് അവകാശപ്പെട്ടതാണ്. ഇത് തട്ടിയെടുക്കുന്നത് വിശ്വാസ വഞ്ചനയാണ്.

# ഡിഫെൻഡർ മറുപടി പറയുന്നു

? ഏതാനും മാസം മുൻപ് തികച്ചും യാദൃച്ഛികമായാണ് ഞാൻ ഡിഫെൻഡർ കാണാനിടയായത്. അന്നു മുതൽ ഞാൻ ഡിഫെൻഡർ വായിക്കുന്നു. ഇത്തരത്തിൽ ഒരു പത്രം തുടങ്ങാൻ ഇടയായതെങ്ങനെ എന്ന് വിശദീകരിക്കാമോ?

■ ഈ വിഷയത്തേപ്പറ്റി ഞാൻ ഡിഫെൻഡറിൽ എഴുതിയിട്ടുണ്ട്. 1997 ഡിസംബർ മാസത്തിലാണ് ഡിഫെൻഡർ പ്രസിദ്ധീകരണം ആരംഭിച്ചത്. അതിന് വഴി വെച്ച സംഭവങ്ങൾ ചുരുക്കി പറയാം.

ബൈബിൾ കോളേജുകളിൽ ദൈവവചനം പഠിപ്പിക്കുക, ബാക്കിയുള്ള സമയം സുവിശേഷകനായി പ്രവർത്തിക്കുക എന്നീ പദ്ധതികളുമായിട്ടാണ് ഞാൻ നാഗാലാന്റിലെ ജോലി രാജിവച്ച് 1993ൽ കേരളത്തിൽ എത്തിയത്. 93-94 വർഷങ്ങളിൽ ഞാൻ ചെയ്തതും അതുതന്നെ. പക്ഷേ, സാത്താനും അവന്റെ ദാസൻമാരും ചേർന്ന് എന്നെ എഴുത്തുകാരനാക്കി, പത്രാധിപരാക്കി. നിർണ്ണയപ്രകാരം വിളിക്കപ്പെട്ടവർക്ക്, ദൈവത്തെ സ്നേഹിക്കുന്നവർക്ക്, സകലതും നൻമയ്ക്കായിത്തീരുന്നു. എന്നെ തകർക്കാനായി സാത്താൻ ചെയ്തതെല്ലാം ദൈവം നൻമയാക്കിത്തീർത്തു. അങ്ങനെ, ദുഷ്ടന്റെ ആശ നശിച്ചുപോയി.

പ്രജാപതിയെന്ന കള്ളക്രിസ്തുവിനെതിരെ എഴുതാൻ തുടങ്ങിയതോടെയാണ് സാത്താൻ എന്നെ നോട്ടമിട്ടത്. പ്രജാപതീ ഭക്തരായ ചില കള്ളസ്സഹോദരൻമാർ ഞാൻ എഴുതിയ ചില പുസ്തകങ്ങൾ വാങ്ങി സുവിശേഷ വിരോധികൾക്ക് അയച്ചുകൊടുത്തു. കേസ്സും മറ്റും ഉണ്ടാകുമ്പോൾ ഞാൻ ഭയപ്പെട്ട് പിൻമാറും എന്നായിരുന്നു സാത്താന്റെ കണക്കുകൂട്ടൽ. പക്ഷേ, ദൈവം എന്നെ ശക്തീകരിച്ചു. അതുകൊണ്ട് ഞാൻ പതറിയില്ല. സാത്താന്റെ ദാസൻമാർ ഒന്നടങ്കം എന്നോട് പോരാടിയെങ്കിലും ദൈവകൃപയിൽ ആശ്രയിച്ച് ഞാൻ ഉറച്ചുനിന്നു. ഒടുവിൽ പ്രജാപതിക്കാർ തോറ്റു. ഇപ്പോൾ പ്രജാപതിയെന്ന കള്ളക്രിസ്തുവിനേക്കുറിച്ച് കേൾക്കാനേയില്ല.

പ്രജാപതിയെ രക്ഷിക്കാനായി കോശി ഏബ്രഹാം, പടിഞ്ഞാറേക്കര തുടങ്ങിയവർ നിരവധി പുസ്തകങ്ങൾ ഇറക്കി. ഈ പുസ്തകങ്ങളിൽ എന്നെ പേരെടുത്തു പറഞ്ഞ് വിമർശിച്ചിരുന്നു. ജെ.സി.ദേവ്, കുരുടാമണ്ണിലച്ചൻ, ജോയി പാമ്പാടി, തിരുവട്ടാർ കൃഷ്ണൻകുട്ടി തുടങ്ങിയവരും എനിക്കെതിരേ എഴുതി. ഇവരുടെ ദുരുപദേശത്തിനെതിരേ പോരാടുക എന്ന ഉദ്ദേശ്യത്തോടെയാണ് ഞാൻ ഡിഫെൻഡർ പ്രസിദ്ധീകരി ക്കാൻ തുടങ്ങിയത്. ഒരു വർഷം കൊണ്ട് പ്രജാപതിയുടെ കഥ കഴിക്കാൻ സാധിച്ചു.

പെന്തക്കോസ്തിൽ നടമാടുന്ന ദുർന്നടപ്പിനും ഇതര തട്ടിപ്പുകൾക്കും മറ്റും എതിരേ പോരാടേണ്ടത് ആവശ്യമാണെന്ന് ബോദ്ധ്യമായതോടെ എന്റെ ശ്രദ്ധ ആ വിഷയത്തിലേക്ക് തിരിഞ്ഞു. സുരേഷ് ബാബു, കെ.സി.ജോൺ, റ്റി.എസ്.ഏബ്രഹാം തുടങ്ങിയ ദുർന്നടപ്പുകാർക്കെതിരേ ഞാൻ എഴുതി. അതോടെ ആകാശം ഇടിഞ്ഞു വീണു എന്ന് പറയുകയാകും ശരി. എനിക്കെതിരേ കേസ്സുകളുടെ ഒരു പരമ്പരതന്നെ ഉണ്ടായി. ഡിഫെൻഡർ നിരോധിക്കപ്പെട്ടു എന്നുവരെ ചില ഭോഷ്ക്കിന്റെ പുത്രൻമാർ പ്രചരിപ്പിച്ചു. പക്ഷേ, ഒരു ലക്കം പോലും മുടങ്ങാതെ ഡിഫെൻഡർ പ്രസിദ്ധീകരിക്കുവാൻ കർത്താവ് എന്നെ സഹായിച്ചു.

എങ്ങനെയെങ്കിലും ഡിഫെൻഡറിന്റെ വായ് അടച്ചേമതിയാകൂ എന്ന ഉദ്ദേശ്യത്തോടെ പെന്തക്കോസ്തിലെ ചില ഉപദേശിമാർ ഡിഫെൻഡറിനെതിരേ ചില കുട്ടിപ്പത്രങ്ങൾ ഇറക്കാൻ തുടങ്ങി. പണവും പ്രതാപവും ഒക്കെ ഉള്ളവരായിരുന്നു ഇതിന്റെ പിന്നിൽ പ്രവർത്തിച്ചത്. പക്ഷേ, ഏതാനും ലക്കങ്ങൾ ഇറക്കിയിട്ട് ഇവയെല്ലാം പൂട്ടിക്കെട്ടി. പത്രങ്ങൾ കൂടാതെ വ്യാജക്കത്തുകൾ, ഡ്യൂപ്ലിക്കേറ്റ് ഡിഫെൻഡറുകൾ തുടങ്ങിയവയും ഇവർ ഇറക്കിയെങ്കിലും ഉദ്ദേശിച്ച ഫലം കണ്ടില്ല.

ഡിഫെൻഡർ ഇന്റർനെറ്റിൽ പ്രസിദ്ധീകരിക്കാൻ തുടങ്ങിയത് പെന്തക്കോസ്തിലെ കള്ളൻമാർക്ക് ഏറെ ദോഷം ചെയ്തു. അതു കൊണ്ട് ഡിഫെൻഡറിന്റെ ഇന്റർനെറ്റ് എഡിഷൻ തടയാനും ശ്രമമുണ്ടായി. ഇതിനായി അവർ നാലുവട്ടം കേസ്സ് കൊടുത്തു. എങ്കിലും ഈ കേസ്സെല്ലാം തള്ളിപ്പോയി. ഡിഫെൻഡർ ഇന്നും ഇന്റർനെറ്റിലൂടെ പ്രചരിക്കുന്നു.

